**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 856** **29.09.2016 ൽ മറുപടിയ്ക്ക്**

## കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ

**ചോദ്യം** **ഉത്തരം**

**ശ്രീ. പുരുഷൻ കടലുണ്ടി**
**,, കെ. ആൻസലൻ**
**,, ഒ. ആർ. കേളു**
**,, കാരാട്ട് റസാഖ്**

**പ്രൊഫ. സി. രവീന്ദ്രനാഥ്**
**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ബ്ലോക്ക്/കോർപ്പറേഷൻ/മുനിസിപ്പൽ/ഗ്രാമപഞ്ചായത്ത് തലത്തിലും അവലോകനം ചെയ്തു വരുന്നു. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന സാക്ഷരതാ കോർഡിനേറ്റർമാരുടെ പ്രവർത്തനങ്ങൾ സാക്ഷരതാ മിഷൻ എങ്ങനെയെല്ലാമാണ് ഏകോപിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നുള്ള മാർഗ്ഗനിർദ്ദേശമനുസരിച്ച് ജില്ലാ സാക്ഷരതാമിഷന്റെ നേതൃത്വത്തിലാണ് ജില്ലകളിൽ സാക്ഷരതാ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്. ജില്ലാതലങ്ങളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് ജില്ലാ സാക്ഷരതാമിഷനിലെ ജില്ലാ കോ-ഓർഡിനേറ്റർ, അസി. കോ-ഓർഡിനേറ്റർ, മറ്റു ഓഫീസ് ജീവനക്കാർ എന്നിവരുടെ നേതൃത്വത്തിലാണ്. ഗ്രാമ/ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ തലങ്ങളിൽ നോഡൽ പ്രേരക്മാരുടെ സഹായത്താലാണ് വിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. |
| (സി) | കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടത്തിയ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ? | (സി) | കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടത്തിയതും നടത്തുന്നതുമായ പ്രധാന തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | 1. **<u>സാക്ഷരതാപരിപാടി</u>**<br>നേടിയെടുത്ത സാക്ഷരത നിലനിറുത്തുന്നതിനും അവശേഷിക്കുന്ന നിരക്ഷരരെ സാക്ഷരരാക്കുന്നതിനും വേണ്ടിയുള്ള കർമ്മപദ്ധതിയാണ് സാക്ഷരതാപരിപാടി.<br>2. **<u>തുല്യതാപരിപാടി</u>**<br>നവസാക്ഷരർ, സ്കൂളിൽനിന്നും കൊഴിഞ്ഞുപോയവർ, തുടർപഠനം ആഗ്രഹിക്കുന്നവർ എന്നിവർക്ക് ഔപചാരിക വിദ്യാഭ്യാസത്തിന് തുല്യമായ യോഗ്യത നേടാൻ സഹായിക്കുന്ന അനൗപചാരിക വിദ്യാഭ്യാസ പരിപാടിയാണിത്. നാല്, ഏഴ്, പത്ത്, ഹയർസെക്കണ്ടറി എന്നീ തുല്യതാ കോഴ്സുകളാണ് സാക്ഷരതാ മിഷൻ നടപ്പിലാക്കിവരുന്നത്. അനൗപചാരിക വിദ്യാഭ്യാസമേഖലയിൽ പ്രസ്തുത കോഴ്സുകളിലൂടെ പഠിതാക്കളെ പ്രാപ്തരാക്കുകയാണ് തുല്യതാ പരിപാടിയിലൂടെ ചെയ്യുന്നത്.<br>3. **<u>വരുമാനവർദ്ധകപരിപാടി</u>**<br>പഠനത്തോടൊപ്പം തൊഴിൽ എന്ന ലക്ഷ്യം നേടിയെടുത്ത് വരുമാനമുണ്ടാക്കുവാനും ജീവിതം മെച്ചപ്പെടുത്തുവാനും അവസരമൊരുക്കുകയാണ് ഈ പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്.<br>4. **<u>ജീവിതഗുണനിലവാരം മെച്ചപ്പെടുത്തൽ പരിപാടി</u>**<br>ജീവിതത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനാവശ്യമായ സാമൂഹിക ബോധവൽക്കരണ ക്ലാസുകൾ, സാംസ്കാരികോത്സവങ്ങൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.<br>5.**<u>വ്യക്തിഗതതാൽപര്യപോഷണ പരിപാടി</u>**<br>സമൂഹത്തിലെ ഓരോ വ്യക്തിയിലും അന്തർലീനമായിക്കിടക്കുന്ന കലാ-കായിക അഭിരുചികൾ കണ്ടെത്തി പരിപോഷിപ്പിക്കുവാൻ സഹായിക്കുന്ന പരിപാടിയാണിത്. |

സെക്ഷൻ ഓഫീസർ